**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 25** **16-09-2025 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തിലുമാക്കുന്നതിനായി എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തിലുമാക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള നവീകരണപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്.<br><br>1) കമ്മീഷൻ പുറപ്പെടുവിക്കുന്ന ഗസറ്റ് വിജ്ഞാപനത്തിന് അനുസൃതമായി ഒരു തസ്തികയിലേക്ക് ഉദ്യോഗാർത്ഥി അപേക്ഷ സമർപ്പിക്കുന്നത് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴിയാണ്.<br><br>2) വിവിധ മത്സര പരീക്ഷകളുടെ ഫലം (സാധ്യതാ പട്ടിക/ചുരുക്ക പട്ടിക/റാങ്ക് പട്ടിക) ഇ- റിസൾട്ട് പ്രോ സോഫ്റ്റ്‌വെയർ വഴിയാണ് തയ്യാറാക്കുന്നത്.<br><br>3) ഇ-വേക്കൻസി സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് വകുപ്പുകൾ പി. എസ്. സി. യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നത്.<br><br>4) അപേക്ഷകളുടെ സൂക്ഷ്മപരിശോധന, പരീക്ഷകളുടെ ഷെഡ്യൂളിംഗ്, അഡ്മിറ്റ് കാർഡുകളുടെ ജനറേഷൻ, അഭിമുഖം/ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് തുടങ്ങിയവയുടെ സ്കോർ ഷീറ്റ് തയ്യാറാക്കൽ എന്നിങ്ങനെയുള്ള പ്രക്രിയകൾ തുളസി സോഫ്റ്റ്‌വെയറിൽ ആണ് നിർവ്വഹിക്കപ്പെടുന്നത്.<br><br>5) വിവിധ കേന്ദ്രങ്ങളിൽ വച്ച് നടക്കുന്ന പരീക്ഷകൾ എക്സാംസ് സോഫ്റ്റ്‌വെയർ (ExaMS) ഉപയോഗിച്ച് സുഗമമാക്കുകയും ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.<br><br>6) അഭിമുഖം, ശാരീരിക പരിശോധന, പരീക്ഷ മുതലായവയിൽ ഉദ്യോഗാർത്ഥികളുടെ ബയോമെട്രിക് |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തുന്നു.<br><br>7) നിയമന ശിപാർശയ്ക്കായി റൊട്ടേഷൻ സോഫ്റ്റ്‌വെയർ - റിപ്പോർട്ട് ചെയ്ത ഒഴിവുകൾക്ക് റാങ്ക് പട്ടികയിൽ നിന്ന് റൊട്ടേഷൻ തയ്യാറാക്കുന്നത് e-Rotation Software ൽ നിന്നാണ്. ഉദ്യോഗാർത്ഥികൾക്കുള്ള Advice Memo, വകുപ്പുകളിലേക്കുള്ള Advice Letter എന്നിവ ഈ സോഫ്റ്റ്‌വെയർ വഴിയാണ് തയ്യാറാക്കുന്നത്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി advice മെമ്മോ download ചെയ്യാവുന്നതാണ്. വകുപ്പിന് advice മെമ്മോയുടെ ആധികാരികത ഇ-വെരിഫൈ ചെയ്യുവാൻ സാധിക്കും.<br><br>8) ഉദ്യോഗാർത്ഥികളുടെ എല്ലാ കത്ത് ഇടപാടുകളും അവരുടെ OTR പ്രൊഫൈലിലൂടെയാണ് നടത്തുന്നത്.<br><br>9) OTV സർട്ടിഫിക്കറ്റ്, അഡ്വൈസ് മെമ്മോ എന്നിവ ഇപ്പോൾ ഡിജിലോക്കറിലും ലഭ്യമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ എത്ര തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങൾ നടത്തുകയുണ്ടായെന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശകൾ നൽകിയെന്നുമുള്ള കണക്ക് ക്രോഡീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചുവടെ ചേർത്തിട്ടുള്ള പ്രകാരം 3307 വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>(21.05.2021- 31-12-2021) - 579<br><br>2022 - 816<br><br>2023 - 744<br><br>2024 - 812<br><br>2025 - 356<br><br>2021-2025 (10-09-2025 വരെ) 1,33,692 നിയമനശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | 2016-2021 വരെയുള്ള സർക്കാരിന്റെ കാലത്ത് പി. എസ്. സി. വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാണോ; | (സി) | 25.05.2016 മുതൽ 20.05.2021 വരെയുള്ള സർക്കാറിന്റെ കാലയളവിൽ 1,61,268 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |
| (ഡി) | ഒഴിവുകൾ കൃത്യമായി റിപ്പോർട്ടുചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഡി) | വിവിധ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, മുതലായ കോമൺ കാറ്റഗറി തസ്തികകളിൽ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലെയും കമ്പനി/കോർപ്പറേഷൻ/ ബോർഡ്/ യൂണിവേഴ്സിറ്റികൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ഒഴിവുകളും പി.എസ്.സി. യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന |

| | | | |
|---|---|---|---|
| | | | മേധാവികൾക്കും നിർദ്ദേശം നൽകികൊണ്ട് സർക്കാർ 12-09-2023-ൽ ഉപ.സി3/110/2023/ഉഭപവ നമ്പർ സർക്കുലർ *(അനുബന്ധം 1)* പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂർ ആയി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് തലവന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് 09.12.2024-ൽ ഉപ.സി3/200/2024/പ&എആർഡി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിർദേശം നൽകുമോ? | (ഇ) | 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂർ ആയി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് തലവന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് 09.12.2024-ൽ ഉപ.സി3/200/2024/പ&എആർഡി സർക്കുലർ *(അനുബന്ധം 2)* പുറപ്പെടുവിച്ചിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ